**No. CEE/3600/ KEAM-2021/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം- 695 001.

# പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ് /ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ (KEAM-2021) ഒരുക്കങ്ങൾ പൂർത്തിയായി

2021-22 വർഷത്തെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സ് പ്രവേശനത്തിനായുള്ള പ്രവേശന പരീക്ഷയായ കീം-2021 **ആഗസ്റ്റ് 05, 2021** ന് നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. കേരളത്തിലെ എല്ലാ താലൂക്കുകൾക്കും പുറമേ ഗാസിയാബാദ്, മുംബൈ, ദുബായ് എന്നി വിടങ്ങളിലുമായി 112097 വിദ്യാർത്ഥികൾ കീം പരീക്ഷ എഴുതുന്നുണ്ട്. ഇതിൽ 105800 വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തു കഴിഞ്ഞു. ഇനിയും ഹാൾ ടിക്കറ്റ് എടുക്കാത്ത _വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് ഡൗൺലോഡിംഗിനുള്ള നിർദ്ദേ ശങ്ങൾ നൽകിയിട്ടുണ്ട്.

2021 ജൂലൈ 24 ന് നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷയാണ് ആഗസ്റ്റ് 5 ലേയ്ക്ക് മാറ്റി വച്ചിരിക്കുന്നത്. വിവിധ ജില്ലകളിലെ കോവിഡ് സാഹചര്യവും, കോവിഡ്-19 വ്യാപനവും മുൻകൂട്ടി കണ്ട് രോഗവ്യാപനം തടയുന്നതിന് വേണ്ട മുൻകരുതലുകൾ സ്വീകരിച്ചാണ് പരീക്ഷയ്ക്ക് വേണ്ട ഒരുക്കങ്ങൾ നടത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി തിരക്കൊഴിവാക്കാനായി 77 താലൂക്ക് കേന്ദ്രങ്ങളിൽ 415 പരീക്ഷാ കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കിക്കൊണ്ടും രക്ഷകർത്താക്കളുടെ ആശങ്കകൾ അകറ്റിയും കുറ്റമറ്റ രീതിയിൽ പ്രവേശന പരീക്ഷ മുൻനിശ്ചയിച്ച പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ചുമതലയിൽ നടത്തുന്നതാണ്. ഇതിനായി താഴെ പറയുന്ന ഒരുക്കങ്ങളും മുൻകരുതലുകളും പൂർത്തിയാക്കിയിട്ടുണ്ട്.

- കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ പരീക്ഷയ്ക്കെത്തുന്ന കുട്ടികൾക്ക് ആരോഗ്യവകു പ്പിന്റെ നിർദ്ദേശപ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള മുൻകരുതലുകളാണ് പരീക്ഷ കേന്ദ്രത്തിൽ ഒരുക്കിയി ട്ടുള്ളത്. ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന് കളക്ടർമാരോട് അഭ്യർത്ഥിച്ചി ട്ടുണ്ട്.
- പരീക്ഷാ ദിവസം പരീക്ഷാ കേന്ദ്രങ്ങളിലും ബസ് സ്റ്റോപ്പുകളിലും ഉണ്ടാകാനിടയുള്ള തിരക്ക് ഒഴിവാക്കി സാമൂഹിക അകലം ഉറപ്പാക്കുന്നതിന് പോലിസിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.
- ഫയർ ഫോഴ്സിന്റെ നേതൃത്വത്തിൽ പരീക്ഷയുടെ തലേ ദിവസം (04.08.2021) തന്നെ എല്ലാ പരീക്ഷാ കേന്ദ്രങ്ങളും അണുവിമുക്ത പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതാണ്. പരീക്ഷയ്ക്കു ശേഷവും പരീക്ഷാ കേന്ദ്രങ്ങൾ അണുവിമുക്തമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

- പരീക്ഷക്കെത്തുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും പരീക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥരും ഡബിൾ മാസ്ക്/N95 മാസ്ക് നിർബന്ധമായും ധരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.
- പരീക്ഷാ കേന്ദ്രങ്ങളിലെത്തുന്ന വിദ്യാർത്ഥികളെ പ്രവേശന കവാടത്തിൽ തെർമൽ സ്കാനിങ്ങിന് വിധേയമാക്കുന്നതിനും സാനിറ്റൈസർ നൽകുന്നതിനും പ്രത്യേകം ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.
- പരീക്ഷയ്ക്ക് എത്തുന്ന വിദ്യാർത്ഥികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനും സാമൂഹിക അകലം പാലിക്കുന്നത് ഉൾപ്പെടെയുള്ള സുരക്ഷാക്രമീകരണങ്ങൾ നടപ്പാക്കുന്നതിനും പോലിസിനൊപ്പം ഓരോ പരീക്ഷാ കേന്ദ്രത്തിലും 3 ഫയർ & റസ്ക്യൂ സിവിൽ ഡിഫൻസ് ഫോഴ്സിലെ സന്നദ്ധസേനാ പ്രവർത്തരുടെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- ഉച്ചഭക്ഷണ വേളയിൽ പുറത്തിറങ്ങുന്നവർ/പരീക്ഷാ കേന്ദ്രത്തിലെ പൊതു ഇടങ്ങളിൽ നീങ്ങുന്നവർ സാമൂഹ്യ അകലം പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സന്നദ്ധ സേനാ പ്രവർത്തകർ ഉണ്ടാകും.
- അതത് പരീക്ഷാ കേന്ദ്രങ്ങളിലെ ശുചിമുറികൾ വൃത്തിയാക്കാനുള്ള നിർദ്ദേശം അധികൃതർ നടപ്പിലാക്കുന്നതാണ്. കോവിഡ് പോസിറ്റീവ്/ ക്വാറന്റയിനിൽ ഉള്ള വിദ്യാർത്ഥികൾക്ക് പ്രത്യേകം ടോയ്‌ലറ്റുകൾ ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
- പരീക്ഷയ്ക്കു എത്തുന്ന വിദ്യാർത്ഥികൾ പരീക്ഷാ സാമഗ്രികൾക്കു പുറമെ കുടിവെള്ളം, ഭക്ഷണം എന്നിവ കരുതണമെന്നും ഇവ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.
- പരീക്ഷ കഴിഞ്ഞ് വിദ്യാർത്ഥികൾ മടങ്ങി പോകുമ്പോൾ തിരക്കൊഴിവാക്കാനായി നിശ്ചിത ഇടവേളകളിലായിരിക്കും പരീക്ഷാർത്ഥികൾ ഹാളിൽ നിന്നും പുറത്ത് പോകുന്നത്.
- വിദ്യാർത്ഥികളെ അനുഗമിക്കുന്ന രക്ഷിതാക്കൾ കഴിവതും പരീക്ഷയ്ക്കു മുന്നേ മടങ്ങി പോയി പരീക്ഷയ്ക്കു ശേഷം മാത്രം പരീക്ഷാ കേന്ദ്രത്തിലെത്താനുള്ള നിർദ്ദേശമാണ് നൽകിയിരിക്കുന്നത്. എന്നാൽ ഇതിനു കഴിയാത്ത രക്ഷിതാക്കൾക്കായി പരീക്ഷാ കേന്ദ്രത്തിനടുത്ത് വിശ്രമകേന്ദ്രം ഒരുക്കുന്നതിനും അതത് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളുടെ സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്.
- സ്വകാര്യ വാഹനങ്ങളിൽ പരീക്ഷയ്ക്ക് എത്തുന്ന കണ്ടെയ്ന്മെന്റ് സോൺ വിദ്യാർത്ഥികൾ 'Entrance Examination Purpose' എന്ന ബോർഡു വച്ച് സുഗമമായ യാത്രാനുമതി ലഭ്യമാക്കാം. കൂടാതെ വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ്, പരീക്ഷയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അവരുടെ ഐ.ഡി.കാർഡ് എന്നിവ യാത്രാപാസ് ആയി ഉപയോഗിക്കാവുന്നതാണ്.
- കോവിഡ് പോസിറ്റീവ്/ ക്വാറന്റയിനിൽ ഉള്ളവർ/തെർമൽ സ്കാനിങ്ങിൽ അധിക താപനില കാണിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷാ കേന്ദ്രങ്ങളിൽ പ്രത്യേക ഹാളുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനായി വിദ്യാർത്ഥികൾ കോവിഡ് പോസിറ്റീവ്/ ക്വാറന്റയിൻ വിവരം പ്രവേശന പരീക്ഷാകമ്മീഷണറുടെ വെബ് സൈറ്റിലെ കീം കാൻഡിഡേറ്റ് പോർട്ടലിലെ ' CEE Covid Help Desk' എന്ന ലിങ്ക് വഴി ഓൺലൈനായി രേഖപ്പെടുത്തേണ്ടതുണ്ട്. പരീക്ഷയ്ക്ക് മുമ്പായി കോവിഡ് പോസിറ്റീവ്/ ക്വാറന്റയിൻ അവസ്ഥയ്ക്ക് മാറ്റം വന്നാൽ പ്രസ്തുത വിവരവും മേൽപ്പറഞ്ഞ ലിങ്ക് വഴി രേഖപ്പെടുത്തേണ്ടതാണ്. കോവിഡ് പോസിറ്റീവ്/ ക്വാറന്റയിൻ വിവരം വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡിൽ നൽകിയിട്ടുള്ള CEE Representative – നെ അറിയിക്കുകയും അവരുടെ നിർദ്ദേശം അനുസരിച്ചായിരിക്കും പരീക്ഷയ്ക്ക് വിദ്യാർത്ഥികൾ എത്തിച്ചേരുന്നത്.

- പരീക്ഷാ ചുമതലയുള്ള ഇൻവിജിലേറ്റർമാർ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതി നോടൊപ്പം ഗ്ലൗസ് ധരിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.
- പരീക്ഷ എഴുതുന്ന കോവിഡ് പോസിറ്റീവ് ആയവർ/ക്വാറന്റൈനിലുള്ളവർ ഹാളുക ളിൽ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച പ്രത്യേക നിർദ്ദേശ ങ്ങൾ പരീക്ഷാ ചുമതലയുള്ളവർക്കായി നൽകിയിട്ടുണ്ട്.
- വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ലഭ്യമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി പ്രത്യേക സർവ്വീസ് നടത്തുന്നതിനും പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്ക് വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം രാവിലെയും വൈകുന്നേരവും സ്പെഷ്യൽ സർവ്വീസ് നടത്തുന്ന തിനും കെ.എസ്.ആർ.ടി.സി യോട് ആവശ്യപ്പെട്ടിട്ടുണ്ട്.
- പരീക്ഷാ കേന്ദ്രത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിന് വിദ്യാർത്ഥി കൾക്കും രക്ഷാകർത്താക്കൾക്കുള്ള നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള പോസ്റ്റർ എല്ലാ കേന്ദ്രങ്ങൾക്കും തയ്യാറാക്കി നൽകിയിട്ടുണ്ട്.
- കേരളത്തിലെ പരീക്ഷാ കേന്ദ്രങ്ങൾക്കു പുറമേ ഡൽഹി, മുംബൈ എന്നിവയും പരീക്ഷാ കേന്ദ്രങ്ങളാണ്. എന്നാൽ ഡൽഹിയിലെ പരീക്ഷാകേന്ദ്രത്തിന് അവസാന നിമിഷം വരെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ **St. Thomas School, Indirapuram, Gaziabad, Uttarpradesh** എന്ന കേന്ദ്രം പുതുക്കി നിശ്ചയിച്ചു. ഇതുപ്രകാരമുള്ള ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിന് വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.
- പ്രവേശന പരീക്ഷ സംബന്ധിച്ച സംശയനിവാരണത്തിനായി രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും കീം ഹെൽപ്പ് ലൈൻ നമ്പരായ 0471 2525300 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
03 .08.2021